**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനകാര്യം - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - മുമ്പ് അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം കെൽട്രോൺ ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടായി ലഭ്യമാക്കിയത് ക്രമവൽക്കരിച്ച്, ഓഫ്സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന് അംഗീകരിച്ചിട്ടുള്ള നിരക്കിൽ (60000/-pm) കെൽട്രോണിന് അനുവദിച്ച് നൽകാൻ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.6718/2022/ധന** **തീയതി, തിരുവനന്തപുരം, 01/10/2022**

പരാമർശം:- 1. 07/09/2021 തീയതിയിലെ സ.ഉ.(സാധാ) നം.5868/2021/ധന

2. 23.03.2022 തീയതിയിലെ ഡി.കെ.എസ്.എ.469/2018/ഐ.ടി.1 നമ്പർ കത്ത്.

3. KELTRON ന്റെ 27/01/2022 ITBG/SWG/KSAD/220127/58 നം പ്രൊപ്പോസൽ

**ഉത്തരവ്**

22.02.2021 മുതൽ 21.02.2022 വരെ One man month ന് 70000/- രൂപ നിരക്കിൽ രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റേയും One man month ന് 60000/- രൂപ നിരക്കിൽ മൂന്ന് ഓഫ് സൈറ്റ് ടെക്നിക്കൽ കം മെയിന്റനൻസ് സ്റ്റാഫിന്റേയും സേവനം കെൽട്രോണിൽ നിന്നും തുടർന്നും ലഭ്യമാക്കുന്നതിനും One man month ന് 60000/- രൂപ നിരക്കിൽ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് ഒരു വർഷത്തേയ്ക്ക് നടത്തുന്നതിനും അനുമതി നൽകി പരാമർശം 1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിയുടെ വ്യാപനം കാരണം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങളും നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ, ടി ഉത്തരവ് പ്രകാരം അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ / മെയിന്റനൻസ് സപ്പോർട്ടിന്റെ സേവനം 22.02.2021 മുതൽ 14.11.2021 വരെ ഓഫ് സൈറ്റ് സപ്പോർട്ട് സേവനമായി പരാമർശം 3 ന്റെ അടിസ്ഥാനത്തിൽ ഉപയോഗിച്ചിരുന്നതായും ആയതിനാൽ, 22.02.2021 മുതൽ 14.11.2021 വരെ പരാമർശം 1 പ്രകാരം അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം കെൽട്രോൺ ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടായി ലഭ്യമാക്കിയത് ക്രമവൽക്കരിച്ച്, ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന് അംഗീകരിച്ചിട്ടുള്ള നിരക്കിൽ കെൽട്രോണിന് തുക അനുവദിച്ച് നൽകാൻ ഭരണാനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് മഹാമാരിയുടെ വ്യാപനം കാരണം സർക്കാർ നിർദ്ദേശിച്ചിരുന്ന നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ, 22.02.2021 മുതൽ 14.11.2021 വരെ പരാമർശം 1 പ്രകാരം അനുവദിച്ച രണ്ട് ഓൺസൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന്റെ സേവനം കെൽട്രോൺ ഓഫ് സൈറ്റ് ടെക്നിക്കൽ സപ്പോർട്ടായി ലഭ്യമാക്കിയത് ക്രമവൽക്കരിച്ച്,

ഓഫ്സൈറ്റ് ടെക്നിക്കൽ സപ്പോർട്ടിന് One man month ന് അംഗീകരിച്ചിട്ടുള്ള നിരക്കിൽ (60000/-pm) കെൽട്രോണിന് അനുവദിച്ച് നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീനി ജി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
ഫയൽ നം. എസ്റ്റാ-ഡി1/108/2014-ധന(ഇ 34238)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ